# പടിഞ്ഞാറിന്റെ സൗഭാഗ്യം

[ Malayalam - മലയാളം - مليالم ]

﴿ سعادة الغرب ﴾

തയ്യാറാക്കിയത് :
മുഹമ്മദ് കുട്ടി-കടന്നമണ്ണ

إعداد / محمد كوتي أبو بكر.

കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്വ - റിയാദ് - സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض
المملكة العربية السعودية

Web Edition by:
islamhouse.com
1432- 2011

بسم الله الرحمن الرحيم

ചിലരുടെ ധാരണയിൽ പടിഞ്ഞാറൻ ലോകം സുഖസമൃദ്ധിയുടെയും ഉന്നതിയുടെയും ഉത്തുംഗതയിലാണ്. പടിഞ്ഞാറൻ ലോകം ഉന്നതമായ സൗഭാഗ്യത്തിലും ശാന്തിയിലും സമാധാനത്തിലുമാണെന്നാണവരുടെ ചിന്താഗതി. എന്നാൽ വസ്തുത മറിച്ചാണെന്നതാണ് സത്യം. തങ്ങളുടെ ജീവിതത്തിലെ ഏറ്റവും മോശമായ അവസ്ഥയിലാണ് പാശ്ചാത്യർ ഇന്ന് ജീവിച്ചു കൊണ്ടിരിക്കുന്നതെന്നതിന് അവിടത്തെ സംഭവ വികാസങ്ങൾ സാക്ഷിയാണ്. പാശ്ചാത്യൻ സ്ഥാപനങ്ങളും ട്രസ്റ്റുകളും പുറത്തുവിടുന്ന കണക്കുകൾ ഇതിനെ ശക്തിപ്പെടുത്തുന്നു.

## ബ്രിട്ടൻ

തങ്ങൾക്ക് നേരിട്ടേക്കാവുന്ന കൈയേറ്റങ്ങളും മാനഭംഗങ്ങളും കാരണമായി, ബ്രിട്ടനിലെ 20നും 35നും ഇടക്ക് പ്രായമുള്ള 80 ശതമാനം സ്ത്രീകളും തലസ്ഥാനത്തെയും വലിയ പട്ടണങ്ങളുടെ തെരു വീഥികളിലൂടെയും ഉൾപ്രദേശങ്ങളിലുള്ള റോഡുകളിലൂടെയും തനിയെ സഞ്ചരിക്കാൻ ഭയപ്പെടുന്നവരാണെന്ന് യൂറോപ്യൻ സാമൂഹ്യക്ഷേമ വകുപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ പഠന റിപ്പോർട്ടിൽ പറയുന്നു.

20നും 35നും ഇടക്ക് പ്രായമുള്ള നാലിലൊന്ന് സ്ത്രീകളും, തലസ്ഥാന നഗരിയിലും പട്ടണങ്ങളിലും സഞ്ചരിക്കുമ്പോൾ തന്റെ വാനിറ്റി ബേഗിൽ കത്തിയോ മറ്റ് ആയുധമോ കൊണ്ടു നടക്കുന്നവരാണത്രെ!. അതേ പഠന റിപ്പോർട്ടിൽ തുടർന്ന് പറയുന്നു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മാന ഭംഗക്കേസുകൾ മൊത്തം കുറ്റകൃത്യങ്ങളുടെ 24 ശതമാനമായി ഉയർന്നിട്ടുണ്ട്! ലണ്ടനിൽ മാത്രം ഇത് 50 ശതമാനമുണ്ടത്രെ! മറ്റൊരു റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു.

## അമേരിക്ക

1994 ൽ ന്യൂയോർക്കിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'ന്യൂസ് വീക്' മാഗസിൻ പുറത്തു വിട്ട അക്രമ സംഭവങ്ങളുടെ ചില കണക്കുകൾ ഇപ്രകാരമാണ്:

1– 1985 നും 1993 നും ഇടയിൽ കുട്ടികളുടെ നേർക്കുള്ള കയ്യേറ്റം 40 ശതമാനത്തോളം വർദ്ധിച്ചു.

2– പകുതിയിലധികം അമേരിക്കൻ കുട്ടികളും അക്രമിക്കപ്പെടുമെന്ന് ഭയപ്പെട്ടു കൊണ്ടാണ് കഴിച്ചുകൂട്ടുന്നത്.

3– കൊലപാതകം പോലെയുള്ള ക്രിമിനൽ കുറ്റങ്ങളടക്കം അക്രമങ്ങളുടെ തോത് 68 ശതമാനം വരെ വർദ്ധിച്ചിരിക്കുന്നുവെന്ന്, അമേരിക്കൻ നീതിന്യായ മന്ത്രാലയം പുറത്തിറക്കിയ ഔദ്യോഗിക പത്രക്കുറിപ്പിൽ ചൂണ്ടിക്കാണിക്കുന്നു.

4– കൈയേറ്റങ്ങൾ 1993ൽ 80 ശതമാനമായി ഉയർന്നു. ഒട്ടാകെ 77900 കൈയേറ്റ സംഭവങ്ങൾ ഉണ്ടായി.

5– മോഷണക്കേസുകൾ 52 ശതമാനമായും ബലാൽസംഗക്കേസുകൾ 27 ശതമാനമായും ഉയർന്നു.

6– വിവാഹമോചനം നിമിത്തമോ അല്ലെങ്കിൽ എഴുപതുകളിൽ വേർ പിരിഞ്ഞതിനാലോ മാതാപിതാക്കളിൽ ഏതെങ്കിലുമൊരാളുടെ സംരക്ഷണത്തിൽ മാത്രം കഴിയുന്ന കുട്ടികൾ ഇരട്ടിയായി ഉയർന്നു.

എങ്കിൽ, 'അസമാധാനത്തിനും ദുർഭഗതക്കും അണിയിക്കപ്പെട്ട ഭംഗിയുള്ളൊരു മുഖം മൂടി മാത്രമാണ് ന്യൂയോർക്കിലെ ജീവിതം' എന്ന് അഭിപ്രായപ്പെട്ട പാശ്ചാത്യൻ ചിന്തകരിലൊരാളുടെ വാക്കുകളിൽ ആശ്ചര്യപ്പെടാനൊന്നുമില്ല.

****************